(ബി) നിയമിക്കപ്പെടുന്നത് യഥാർത്ഥ ഉദ്യോഗാർത്ഥികളാണോ എന്ന് പരിശോധിക്കാൻ ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ പി.എസ്.സി. എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോ ;

(സി) നിയമനത്തട്ടിപ്പിന്റെ പിന്നിലെ ഉദ്യോഗസ്ഥ രാഷ്ട്രീയ-സാമ്പത്തിക ബന്ധങ്ങൾ അന്വേഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) കഴിഞ്ഞ 15 വർഷത്തിനിടയിൽ പി.എസ്.സി. മുഖേന ജോലിക്കു കയറിയവരുടെ പരിശോധന എല്ലാ വകുപ്പിലും നടത്താൻ ആലോചിക്കുന്നുണ്ടോ ;

(ഇ) ഭാവിയിൽ ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചു വരികയാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി-ഇ) കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു

**നിയമന തട്ടിപ്പ്**

**20 (30)** ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി നടത്തേണ്ട സർക്കാർ സർവ്വീസ് നിയമനങ്ങളിൽ വ്യാപകമായി തിരിമറി നടത്തി നിയമനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) സർക്കാർ സർവ്വീസിലും യൂണിവേഴ്സിറ്റി, പൊതുമേഖല സ്ഥാപനങ്ങളിലും നടക്കുന്ന ഇത്തരം നിയമനങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറിയോ, സി.ബി.ഐ. അന്വേഷണമോ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു

(ബി) വിവരം ശേഖരിച്ചു വരുന്നു.

**പി.എസ്.സി. നിയമനങ്ങളിലെ അഴിമതി**

21 (32) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി നിയമിക്കേണ്ട തസ്തികയിലെ അഴിമതി കണ്ടെത്തിയതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ നടന്ന കൃത്രിമങ്ങൾ തടയുന്നതിന് നിയമനങ്ങൾ പരിശോധിക്കുന്നതിനുള്ള അധികാരത്തോടുകൂടിയ ഏതെങ്കിലും സംവിധാനം നിലവിൽ ഉണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനുശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തി ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താല്ക്കാലിക നിയമനം**

22 (36) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ സർവ്വീസിൽ താൽക്കാലികമായി ജീവനക്കാരെ നിയമിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly